(ഡി) ഇതേ കാലയളവിൽ മണ്ഡലങ്ങളിലെ വസതികളിൽ സ്ഥാപിച്ചിട്ടുള്ള ടെലിഫോൺ ചാർജ് ഇനത്തിൽ ചെലവഴിച്ചിട്ടുള്ള തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ഇ) 2004 ആഗസ്റ്റ് 31-നുശേഷം സംസ്ഥാന മന്ത്രിസഭയിലെ ഓരോ അംഗവും ടെലിഫോൺ ചാർജ് ഇനത്തിൽ ചെലവഴിച്ച തുക എത്ര വീതമെന്ന് വെളിപ്പെടുത്താമോ;

(എഫ്) ഇതേ കാലയളവിൽ മന്ത്രിമാരുടെ വസതികൾ മോടിപിടിപ്പിക്കുന്നതിന് ചെലവഴിച്ച തുക എത്ര വീതമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) അനുബന്ധം VI ആയി ചേർത്തിട്ടുണ്ട്.

(ബി) അനുബന്ധം VI ആയി ചേർത്തിട്ടുണ്ട്.

(സി) അനുബന്ധം VI ആയി ചേർത്തിട്ടുണ്ട്.

(ഡി) അനുബന്ധം VI ആയി ചേർത്തിട്ടുണ്ട്.

(ഇ) അനുബന്ധം VI ആയി ചേർത്തിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

മന്ത്രി മന്ദിരങ്ങൾ മോടിപിടിപ്പിക്കുന്നതിന് ചെലവായ തുക

8 [8] *ശ്രീ. എം. വി. ജയരാജൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രി മന്ദിരങ്ങൾ മോടി പിടിപ്പിക്കുന്നതിനായി എത്ര തുകയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തി; എത്ര തുക ഇതിനകം ചെലവാക്കി;

(ബി) മന്ത്രിമന്ദിരങ്ങൾ തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതിനുമുൻപ് പ്രസ്തുത മന്ദിരങ്ങൾ മോടിപിടിപ്പിച്ചത് എപ്പോഴാണ് എന്നറിയിക്കാമോ?

ഉത്തരം

(എ)—(സി) വിവരം ശേഖരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ചെലവുകൾ

9 [10] *ശ്രീ. ബിനോയ് വിശ്വം :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2004 നവംബർ 15 വരെ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ലാന്റ് ഫോൺ, മൊബൈൽ ഫോൺ ഇനത്തിൽ എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly